No. CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## പത്രക്കുറിപ്പ്

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം-2018
## സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ NRI ക്വാട്ടയിലേയ്ക്കുള്ള രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം **22.06.2018 രാത്രി 8 മണി** വരെയായി ദീർഘിപ്പിച്ചു. നിശ്ചിത സമയത്തിനകം ആവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ അപ്‌ലോഡ് ചെയ്യാത്ത വിദ്യാർത്ഥികളെ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. പ്രവേശനത്തിനുള്ള യോഗ്യത, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിലുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
21.06.2018

പ്രവേശന പരീക്ഷാ കമ്മീഷണർക്ക്‌വേണ്ടി